<u>**15 -ാം കേരള നിയമസഭ**</u>

<u>**3 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 197**</u> <u>**04-10-2021 - ൽ മറുപടിയ്ക്ക്**</u>

<u>**നിപ്പ പ്രതിരോധം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ.എം.സച്ചിൻദേവ്** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കടുത്ത ആശങ്ക സൃഷ്ടിച്ചുകൊണ്ട് സംസ്ഥാനത്തു വീണ്ടും പൊട്ടിപ്പുറപ്പെട്ട നിപ്പയെ ഫലപ്രദമായി പ്രതിരോധിക്കാൻ മുൻ അനുഭവവും ആരോഗ്യ മേഖലയിലെ മികച്ച അടിസ്ഥാന സൗകര്യങ്ങളും എത്രത്തോളം പ്രയോജനപ്പെട്ടെന്ന് വ്യക്തമാക്കാമോ; | (എ) | 2018 ൽ ആദ്യമായി നിപ്പരോഗം സംസ്ഥാനത്ത് കോഴിക്കോട് പൊട്ടിപ്പുറപ്പെട്ടപ്പോൾ യുദ്ധകാലാടിസ്ഥാനത്തിൽ കൺട്രോൾ റൂമുകൾ സജ്ജമാക്കിയും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പങ്കാളിത്തത്തോടെ രോഗപ്രതിരോധ, നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്റെ ഫലമായി വളരെ വേഗം രോഗം നിയന്ത്രണ വിധേയമാക്കുവാൻ സാധിച്ചിരുന്നു. ആകെ രോഗബാധിതർ 18, മരണപ്പെട്ടവർ 16. 2019 ൽ എറണാകുളം ജില്ലയിൽ വീണ്ടും നിപ്പരോഗം റിപ്പോർട്ട് ചെയ്തപ്പോഴും ഊർജ്ജിതപ്രവർത്തനങ്ങളിലൂടെ രോഗം ഒരാളിൽ മാത്രമായി ഒതുക്കുവാനും മരണം ഒഴിവാക്കുവാനും സാധിച്ചു. എറണാകുളത്ത് ഗവ: മെഡിക്കൽ കോളേജിൽ NIV പൂനെയുടെ സഹായത്തോടെ POC ടെസ്റ്റ് നടത്തിയതിലൂടെ രോഗം വളരെവേഗം നിയന്ത്രണ വിധേയമാക്കുവാൻ സാധിച്ചിരുന്നു. തുടർന്ന് 2021 സെപ്റ്റംബറിൽ കോഴിക്കോട് ജില്ലയിൽ ചൂലൂരിൽ ഒരു ആൺകുട്ടി (13 വയസ്) നിപ്പരോഗം പിടിപെട്ട് മരണപ്പെടുകയുണ്ടായി. നിപ്പ സ്ഥിരീകരിച്ച സെപ്റ്റംബർ 4 ന് രാത്രിതന്നെ ആരോഗ്യവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ മറ്റ് മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും അടിയന്തിരയോഗം നടത്തി യുദ്ധകാലാടിസ്ഥാനത്തിൽ രോഗപ്രതിരോധ നടപടികൾ സ്വീകരിച്ചു. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കൺട്രോൾ റൂമുകൾ തുറക്കുകയും രോഗനിരീക്ഷണം, സമ്പർക്ക പട്ടികയിലുള്ളവരുടെ നിരീക്ഷണം, കാര്യകാരണ വിശകലനം, ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ ഐസൊലേഷൻ മുറികൾ |

| | | | |
|---|---|---|---|
| | | | ഒരുക്കൽ, ഐ.സി.യു, വെന്റിലേറ്റർ തുടങ്ങിയവ സജ്ജീകരിക്കൽ, കോഴിക്കോട് മെഡിക്കൽ കോളേജിൽ പി.ഒ.സി ലാബ് സൗകര്യം ഏർപ്പെടുത്തൽ, കെ.എം.എസ്.സി.എൽ / മെഡിക്കൽ കോളേജ് വഴി നിപ്പാ ചികിത്സയ്ക്കുള്ള മരുന്ന്, വ്യക്തി സുരക്ഷാ ഉപാധികൾ തുടങ്ങിയവ ലഭ്യമാക്കൽ, രോഗസ്ഥിരീകരണത്തിന് സാംപിൾ ശേഖരിച്ച് അയക്കുന്നത്, ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലനം, ബോധവത്കരണ പ്രവർത്തനങ്ങൾ തുടങ്ങി വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങൾക്കുള്ള കർമ്മപദ്ധതി തയ്യാറാക്കി നടപ്പിലാക്കി. ഇത്തരം പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ 18 സമിതികൾ രൂപീകരിച്ച് ഓരോ സമിതിക്കും ഓരോ നോഡൽ ഓഫീസർമാരെ ഏർപ്പെടുത്തുകയുമുണ്ടായി. മരണമടഞ്ഞ കുട്ടിയുടെ വീടിന് 3 കി.മി ചുറ്റളവിൽ കണ്ടെയിൻമെന്റ് സോണായി പ്രഖ്യാപിച്ചു. എൻ.സി.ഡി.സി, എൻ.ഐ.വി. പൂന, ഭോപ്പാൽ ഹൈസെക്യൂരിറ്റി ആനിമൽ ഡിസീസ് ലാബ് എന്നീ കേന്ദ്രങ്ങളിൽ നിന്നുള്ള വിദഗ്ധ സംഘവും ഇൻവെസ്റ്റിഗേഷൻ നടത്തി. കുട്ടിയുമായി സമ്പർക്കത്തിൽ വന്ന 240 പേരെ പ്രത്യേകം നിരീക്ഷിച്ചുപോന്നു. ആകെ 164 പേരുടെ സാമ്പിളുകൾ പരിശോധിച്ചതിൽ ആർക്കും നിപ്പാ സ്ഥിരീകരിച്ചില്ല. ഇപ്രകാരം ഊർജ്ജിത പ്രവർത്തനങ്ങൾകൊണ്ട് നിപ്പ നിയന്ത്രണവിധേയ മാക്കാൻ നമുക്ക് സാധിച്ചു. |
| (ബി) | നിപ വൈറസിന്റെ സാന്നിധ്യം മനസ്സിലാക്കി രോഗ പകർച്ച തടയുന്നതിന് അനിവാര്യമായ വൈറോളജി ലബോറട്ടറി ഹ്രസ്വകാലം കൊണ്ട് രൂപീകരിക്കാനായത് സംസ്ഥാനത്തെ പൊതുജനാരോഗ്യ മേഖലയുടെ കരുത്ത് തെളിയിക്കുന്നതാണോ; വിശദമാക്കുമോ; | (ബി) | നിപ്പരോഗസ്ഥിരീകരണത്തിന് കാലതാമസം ഉണ്ടായാൽ മരണനിരക്ക് കൂടും. അതിനാൽ രോഗം സംശയിക്കുന്നവരുടെ ശരീരസ്രവങ്ങൾ ആർ.ടി.പി.സി.ആർ. പരിശോധന നടത്തി രോഗം സ്ഥിരീകരിക്കുവാനായി കോഴിക്കോട് മെഡിക്കൽ കോളേജിൽ പി.ഒ.സി. ലാബ് (പോയിന്റ് ഓഫ് കെയർ) 48 മണിക്കൂറിനുള്ളിൽ സജ്ജീകരിക്കുകയുണ്ടായി. രോഗിയുമായി സമ്പർക്കത്തിൽ വന്നവരിൽ നേരിയ രോഗ-ലക്ഷണങ്ങളെങ്കിലും കണ്ട 133 പേരുടെ സാമ്പിളുകൾ പി.ഒ.സി. ലാബിൽ പരിശോധനക്ക് വിധേയമാക്കി. 31 സാമ്പിളുകൾ എൻ.ഐ.വി. പൂനെയിൽ പരിശോധിച്ചു. ആകെ 164 സാമ്പിളുകൾ പരിശോധിച്ചു എല്ലാം തന്നെ നിപ്പാ നെഗറ്റീവ് ആയിരുന്നു. ഇത് പൊതു-ജനാരോഗ്യമേഖലയുടെ കരുത്ത് തെളിയിക്കുന്ന ഒന്നാണ്. തിരുവനന്തപുരത്ത് തോന്നയ്ക്കലിലെ വൈറോളജി ലാബ് പ്രവർത്തനക്ഷമമാകുമ്പോൾ കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനത്തിന് തീർച്ചയായും ഒരു മുതൽക്കൂട്ടാകുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | 2011-16 കാലയളവിലെ സർക്കാരിൽ നിന്നു വിഭിന്നമായി മുൻ സർക്കാരും ഈ സർക്കാരും പൊതുജനാരോഗ്യ രംഗത്ത് അടിസ്ഥാന സൗകര്യ വിപുലീകരണത്തിനും ആധുനീകരണത്തിനും നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | ആർദ്രം പദ്ധതി പ്രകാരം സംസ്ഥാനത്തെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങൾ ആക്കി പരിവർത്തനം ചെയ്യുക വഴി ടി സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും ലബോറട്ടറി സംവിധാനം ഉൾപ്പെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട താലൂക്ക് / ജില്ലാ / ജനറൽ ആശുപത്രികളിലായി മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ കിഫ്ബി മുഖേന ബൃഹത്തായ നിർമ്മാണ പ്രവർത്തനങ്ങൾ അടിസ്ഥാന സൗകര്യവികസനത്തിനായി നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാന പ്ലാൻ ഫണ്ട്, നബാർഡ്, എൻ.എച്ച്.എം. ഫണ്ട്, എം.എൽഎ. / എം.പി. ഫണ്ടുകൾ എന്നിവ മുഖേനയും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. താലൂക്ക് തല ആശുപത്രികളിൽ ഡയാലിസിസ് സൗകര്യം ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി സേവനങ്ങളും, ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യവും സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും ഘട്ടം ഘട്ടമായി ഏർപ്പെടുത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ